നടത്തുന്നുണ്ട്. പ്രമോഷൻ വഴി നിയമനം നടത്തേണ്ട നോൺ ഗസറ്റഡ് തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തണമെന്ന് നിയമം അനുശാസിക്കുന്നില്ല. ആയതിനാൽ സ്വാഭാവികമായും ഡയറക്റ്റ് റിക്രൂട്ട്മെന്റ് പോസ്റ്റിലേക്ക് മാത്രമേ നിയമനം നടത്തുവാൻ വകുപ്പു മേധാവികൾക്ക് കഴിയുകയുള്ളു.

അതുപോലെതന്നെ ഗസറ്റഡ് തസ്തികകളിലേക്ക് റിസർവ് ചെയ്തിട്ടുള്ള പോസ്റ്റുകളിലേക്ക് നിയമനം നടത്തുമ്പോൾ എല്ലാ കാറ്റഗറിയിലേക്കും നിയമനം നടത്തണമെന്ന് നിലവിലുള്ള നിയമം അനുശാസിക്കുന്നില്ല. ഭരണപരമായ കാര്യങ്ങളും മറ്റും കണക്കിലെടുത്ത് ഗസ്റ്റഡ് തസ്തികയിൽ ലോവസ്റ്റ് കാറ്റഗറിയിലോ അതിനു തൊട്ടു മുകളിലുള്ള കാറ്റഗറിയിലോ ആണ് ഇപ്പോൾ നിയമനം നടത്തുന്നത്.

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി പൂർണ്ണമായും നടപ്പിലാക്കുമ്പോൾ താമസംവിനാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മിക്കവാറും എല്ലാ കാറ്റഗറിയിലും അർഹമായ പ്രാതിനിധ്യം ലഭിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

(സി) 'ബി' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

ബഹുജന സമരങ്ങളിൽ പങ്കെടുക്കുന്നവരെ വിലങ്ങുവച്ചുകൊണ്ടു പോകുന്ന പതിവ്

* 564 [600] ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുജന സമരങ്ങളിൽ പങ്കെടുക്കുന്നവരെ വിലങ്ങുവച്ചുകൊണ്ടുപോകുന്ന പതിവുണ്ടോ;

(ബി) എങ്കിൽ ഈ നടപടി എത്രയും വേഗം അവസാനിപ്പിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഓട് കയറ്റി അയയ്ക്കുന്നതിന് പ്രത്യേക വാഗണുകൾ

* 565 [601] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, പുതുക്കാട് തുടങ്ങിയ റെയിൽവേ സ്റ്റേഷനുകളിൽനിന്ന് ഓടു കയറ്റി അയയ്ക്കുന്നതിന് പ്രത്യേകമായി വാഗണുകൾ അനുവദിച്ചിരുന്നത് നിറുത്തിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വടക്കേ ഇൻഡ്യൻ സ്റ്റേറ്റുകളിലേക്ക് ഓടുകൾ കയറ്റി അയയ്ക്കാൻ പറ്റാത്തതിനാൽ തൃശ്ശൂർ ജില്ലയിലെ ഓടുവ്യവസായം ഒരു പ്രതിസന്ധിയിലേർപ്പെട്ടിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly